# പൊതുമുതൽ കൈകാര്യം ചെയ്യുമ്പോൾ

عَنْ خَوْلَةِ الأَنْصَارِية رضي الله عنها- قالت: سَمِعْتُ النَّبِيَّ صَلّى اللّهُ عَلَيْهِ وَسَلَّم يَقُولُ: إنَّ رِجَالاً يَتَخَوَّضُونَ فِي مالِ اللّهِ بِغَيْرِ حَقٍ، فَلَهُمُ النَّارُ يَوْمَ القِيَامَةِ (بخاري).

**അൻസ്വാരി വനിത ഖൗലയിൽനിന്ന്: 'ചിലയാളുകൾ അല്ലാഹുവിന്റെ സമ്പത്തിൽ അന്യായമായും അവിഹിതമായും ഇടപെടുന്നു, അവർക്ക് അന്ത്യനാളിൽ നരകമുണ്ട് ' എന്ന് നബി(സ) പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട് (ബുഖാരി).**

പൊതുമുതൽ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട സംസ്കാരം പഠിപ്പിക്കുകയാണ് പ്രവാചകൻ (സ) ഈ വചനത്തിലൂടെ. പൊതുധനം അന്യായമായും അവിഹിതമായും അപഹരിച്ചെടുക്കുന്നതിന്റെ ഭവിഷ്യത്ത് ഈ ഹദീസ് ചൂണ്ടിക്കാട്ടുന്നു. ധനം ദൈവദാനമാണ്. അതിന്റെ യഥാർഥ ഉടമ ദാതാവായ അല്ലാഹുവാണ്. അഖില മനുഷ്യരുടെയും നന്മക്കും ക്ഷേമത്തിനും വേണ്ടിയാണത് നൽകിയിട്ടുള്ളത്. വ്യക്തിയുടെ ഐശ്വര്യത്തിനും സമൂഹത്തിന്റെ പുരോഗതിക്കും ധനം വിനിമയം ചെയ്യപ്പെടണമെന്നാണ് ദൈവഹിതവും പ്രകൃതിനിയമവും. അതുകൊണ്ടാണ് അല്ലാഹു ധനത്തിൽ മനുഷ്യനെ തന്റെ പ്രതിനിധിയായി നിശ്ചയിച്ചിട്ടുള്ളത്.

മദ്യപാനം, മയക്കുമരുന്ന് പോലുള്ള നിയമവിരുദ്ധ മാർഗങ്ങളിലും വ്യക്തിയെയും സമൂഹത്തെയും ദുഷിപ്പിക്കുന്ന വഴികളിലും ധനം ചെലവഴിക്കുന്നത് ഈ ഹദീസിന്റെ വെളിച്ചത്തിൽ തെറ്റാകുന്നു. കൈക്കൂലി, മോഷണം, കവർച്ച തുടങ്ങിയ അവിഹിത മാർഗങ്ങളിലൂടെ ധനം സമ്പാദിക്കുന്നതും തെറ്റാകുന്നു. നിഷിദ്ധവും മ്ലേഛവുമായ മാർഗത്തിൽ ധനം ചെലവഴിക്കുന്നവനെ ഐഹിക ലോകത്ത് പകർച്ചവ്യാധിയും മാറാരോഗങ്ങളും പിടികൂടാൻ സാധ്യത ഏറെയുണ്ടെന്ന് ഹദീസിന്റെ വെളിച്ചത്തിൽ ചില പണ്ഡിതന്മാർ നിരീക്ഷിക്കുന്നു.

സകാത്ത്, നികുതി പോലുള്ള പൊതു മുതൽ കൈകാര്യം ചെയ്യുന്നവർ അതിൽനിന്ന് അനർഹമായി ധനം എടുക്കുന്നത് അവിഹിത സമ്പാദനമായി പരിഗണിക്കപ്പെടും. അവകാശികൾക്ക് അവരുടെ അർഹമായ ഓഹരി നിഷേധിക്കുന്നതും തെറ്റാകുന്നു. ഭരണകൂടത്തിന്റെ അധികാര പരിധിയിൽ വരുന്ന ധനം അന്യായമായും അവിഹിതമായും കൈകാര്യം ചെയ്യുന്ന ഭരണാധികാരികളെ അപലപിക്കുകയും അത്തരക്കാരെ നരകശിക്ഷ കാത്തിരിക്കുന്നുവെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു ഈ ഹദീസ് എന്ന് ഇമാം മനാവി രേഖപ്പെടുത്തുന്നു.

പ്രത്യക്ഷമായോ പരോക്ഷമായോ തങ്ങൾക്കോ തങ്ങളുടെ ഇഷ്ടക്കാർക്കോ ഗുണകരമാകുംവിധം ഭൂമിയടക്കം സർക്കാർ അധീനതയിലുള്ള സമ്പത്ത്-പൊതുമുതൽ-നിയമവിരുദ്ധ മാർഗത്തിൽ കൈവശപ്പെടുത്തുന്ന പ്രവണത ഭരണാധികാരികളുടെ ഭാഗത്തുനിന്ന് കൂടിവരുന്ന ഇക്കാലത്ത് ഈ ഹദീസ് നൽകുന്ന സന്ദേശം ഏറെ പ്രസക്തമാണ്. നബി (സ) പറയുന്നു: ''ആരെങ്കിലും അന്യരുടെ ഭൂമി അൽപമെങ്കിലും ആക്രമിച്ച് കൈയേറിയാൽ അന്ത്യനാളിൽ ഏഴ് ഭൂമികൾ അയാളുടെ കഴുത്തിൽ മാലയായി അണിയിക്കും'' (ബുഖാരി).

ബൈത്തുൽമാലിന്റെ ഇനത്തിൽപെട്ട കാരയ്ക്കയെടുത്ത് കുട്ടികളായ ഹസനും ഹുസൈനും വായിലിട്ട് ചവയ്ക്കുന്ന രംഗം കണ്ട പ്രവാചകൻ (സ) അവരുടെ വായിൽ കൈയിട്ട് അത് എടുത്തുകളഞ്ഞത് പൊതുധനം അനർഹമായി ഉപയോഗിക്കാൻ പാടില്ലെന്ന കർശന നിലപാടിന്റെ ഭാഗമായിരുന്നു. ഒന്നാം ഖലീഫ അബൂബക്ർ (റ) മരണാസന്നസമയത്ത് മകൾ ആഇശ(റ)ക്ക് നൽകിയ വസ്വിയ്യത്തിൽ, ബൈത്തുൽമാലിൽനിന്നുള്ള ധനത്തിൽ വല്ലതും തന്റെ വീട്ടിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അതെല്ലാം പൂർണമായും അടുത്ത ഖലീഫ ഉമറി(റ)നെ ഏൽപ്പിക്കണമെന്ന് പറഞ്ഞിരുന്നു. മഹാനായ ഖലീഫ ഉമർ (റ) ഭരണാധികാരി എന്ന നിലയിൽ നിയമാനുസൃതമായ സൗകര്യങ്ങൾ മാത്രമല്ല, സാധാരണ പൗരൻ അനുഭവിക്കുന്ന സൗകര്യങ്ങൾ പോലും തനിക്ക് വേണ്ടെന്നുവെച്ചു. ജനങ്ങൾ വിശക്കുമ്പോൾ ആദ്യം വിശക്കുന്നവനും ജനങ്ങൾ വിശപ്പടക്കുമ്പോൾ അവസാനം വിശപ്പടക്കുന്നവനും താനായിരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്താഗതി. പൊതുധനം കൈകാര്യം ചെയ്യുന്നതിലെ സൂക്ഷ്മതയുടെ സുവർണ ചരിത്രമാതൃകകളാകുന്നു ഇതെല്ലാം. ●